പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 610 — 8-3-2012 ൽ മറുപടിയ്ക്ക്

## സർക്കാർ ആശുപത്രികളുടെ പദവി ഉയർത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര സർക്കാർ ആശുപത്രികളുടെ പദവി ഉയർത്തപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; | (എ) 21 ആശുപത്രികൾ |
| (ബി) പദവി ഉയർത്തപ്പെട്ട പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; | (ബി) ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) പദവി ഉയർത്തപ്പെട്ട പേരാമ്പ്ര താലൂക്ക് സർക്കാർ ആശുപത്രിയിൽ ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും എത്ര ഒഴിവുകൾ നിലവിലുണ്ട്; | (സി) മെഡിക്കൽ ആഫീസർ (അഡ്മിനിസ്ട്രേറ്റീവ് കേഡർ) ഒരൊഴിവും, ജൂനിയർ കൺസൾട്ടന്റ് രണ്ടൊഴിവുകളും, ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് - 2 ഒരൊഴിവും നിലവിലുണ്ട്. |
| (ഡി) പ്രസ്തുത ആശുപത്രിയിലെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ഡി) ഡോക്ടർമാരുടെ (സ്പെഷ്യാലിറ്റി കേഡർ) ഒഴിവുകൾ നികത്തുന്നതിന് സർവീസിൽ പി.ജി.യുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് ഒഴിവുകൾ നികത്തുന്നതിനും അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും പ്രൊമോഷൻ നൽകിയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

B.V.Kumar

സെക്ഷൻ ഓഫീസർ